2. <u>ത്രീ-ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ്</u>:

ഐ.ടി.ഐ. പരിശീലനാർത്ഥികൾക്ക് പഠിക്കാൻ ബുദ്ധിമുട്ടുള്ള എഞ്ചിനീയറിംഗ് ഡ്രോയിംഗ് എന്ന വിഷയത്തിലും ആട്ടോമൊബൈൽ, ഡി/സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷീനിസ്റ്റ് എന്നീ ട്രേഡുകളിലും ത്രീ-ഡി-ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ് സോഫ്റ്റ് വെയർ നടപ്പിലാക്കി.

(ബി) 2015-16 സാമ്പത്തിക വർഷം വിവിധ ഐ.ടി.ഐ.-കളിലെ (17 ഐ.ടി.ഐ.) ഇലക്ട്രിഫിക്കേഷൻ വർക്കിനുവേണ്ടി 8 കോടി രൂപയും സംസ്ഥാനത്തെ 8 ഐ.ടി.ഐ.-കളിലെ ക്ലാസ്സ് റൂം/വർക്ക്ഷോപ്പ് കെട്ടിട നിർമ്മാണത്തിനുവേണ്ടി 2.4 കോടി രൂപയും വിവിധ ഐ.ടി.ഐ.-കളിലെ വർക്ക്ഷോപ്പ് കെട്ടിട നവീകരണത്തിനുവേണ്ടി 3 കോടി രൂപയും അനുവദിച്ചിരുന്നു. കൂടാതെ സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ അഫിലിയേഷൻ/റീ-അഫിലിയേഷൻ നേടുന്നതിന്റെ ഭാഗമായുള്ള ഉപകരണ സംഭരണത്തിനുവേണ്ടി ആകെ 20 കോടി രൂപയും അനുവദിക്കുകയുണ്ടായി.

(സി) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ താത്ക്കാലിക സംവിധാനത്തിലാണ് നിലവിൽ ചെറിയമുണ്ടം ഐ.ടി.ഐ. പ്രവർത്തിക്കുന്നത്. ടി ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് മതിയായ അടിസ്ഥാനസൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ഐ.ടി.ഐ.-കളുടെ പ്രവർത്തനം

240 (941) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.-കളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര സർക്കാർ ഐ.ടി.ഐ.-കൾ ഉണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര സർക്കാർ ഐ.ടി.ഐ.-കൾ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ വർഷവും എത്ര പേർക്ക് പഠനത്തിന് സർക്കാർ ഐ.ടി.ഐ.-കളിൽ പ്രവേശനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്ത എത്ര ഐ.ടി.ഐ.-കൾ സർക്കാർ മേഖലയിലുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയ്ക്ക് സ്ഥലവും കെട്ടിടവും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്. ഐ.ടി.ഐ.-കളുടെ പ്രവർത്തനം പരിശോധിക്കുന്നതിനായി ഐ.ടി.ഐ.-കളെ ജില്ലാടിസ്ഥാനത്തിൽ 5 മേഖലകളായി തിരിച്ച് 5 ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്-മാരെ നിയോഗിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥർ അവരവരുടെ അധികാര പരിധിയിൻ കീഴിൽവരുന്ന ഐ.ടി.ഐ. -കളിൽ പരിശോധന നടത്തി റിപ്പോർട്ട് നൽകുകയും അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള സർക്കാർ ഐ.ടി.ഐ.-കളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | സർക്കാർ ഐ.ടി.ഐ.-കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 7 |
| 2 | കൊല്ലം | 6 |
| 3 | പത്തനംതിട്ട | 3 |
| 4 | ആലപ്പുഴ | 6 |
| 5 | കോട്ടയം | 5 |
| 6 | ഇടുക്കി | 3 |
| 7 | എറണാകുളം | 6 |
| 8 | തൃശ്ശൂർ | 7 |
| 9 | പാലക്കാട് | 8 |
| 10 | മലപ്പുറം | 6 |
| 11 | കോഴിക്കോട് | 10 |
| 12 | വയനാട് | 2 |
| 13 | കണ്ണൂർ | 7 |
| 14 | കാസർഗോഡ് | 6 |
| | ആകെ | 82 |

GPM. 2/238/2020-41

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി 13 ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിൽ 10 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ലതിരിച്ച കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | കൊല്ലം | 1 (പ്രവർത്തനം ആരംഭിച്ചിട്ടില്ല) |
| 2 | ആലപ്പുഴ | 1 |
| 3 | കോട്ടയം | 1 |
| 4 | ഇടുക്കി | 1 |
| 5 | പാലക്കാട് | 2 |
| 6 | മലപ്പുറം | 2 (ഒരു ഐ.ടി.ഐ. പ്രവർത്തനം ആരംഭിച്ചിട്ടില്ല) |
| 7 | കോഴിക്കോട് | 2 |
| 8 | വയനാട് | 1(ഐ.ടി.ഐ. പ്രവർത്തനം ആരംഭിച്ചിട്ടില്ല) |
| 9 | കണ്ണൂർ | 1 |
| 10 | കാസർഗോഡ് | 1 |

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും സർക്കാർ ഐ.ടി.ഐ.-കളിൽ പ്രവേശനം നൽകിയ ട്രെയിനികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | പ്രവേശനം നൽകിയ ട്രെയിനികളുടെ എണ്ണം |
|---|---|---|
| 1 | 2010 | 15114 |
| 2 | 2011 | 15717 |
| 3 | 2012 | 15520 |
| 4 | 2013 | 16841 |
| 5 | 2014 | 16482 |
| 6 | 2015 | 17102 |

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നിലവിൽ സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ലാത്ത 16 ഐ.ടി.ഐ. -കൾ സർക്കാർ മേഖലയിൽ വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുണ്ട്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൗജന്യമായി സ്ഥലം ലഭ്യമാക്കണമെന്ന നിബന്ധനയിലാണ് ഐ.ടി.ഐ.-കൾ അനുവദിച്ചിട്ടുള്ളത്. ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് പര്യാപ്തമായ സ്ഥലം അടിയന്തരമായി ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## തൊഴിൽ കാത്തിരിക്കുന്നവരുടെ എണ്ണം

241 (942) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പേര് രജിസ്റ്റർ ചെയ്ത് തൊഴിൽ കാത്തിരിക്കുന്ന അഭ്യസ്തവിദ്യരുടെ എണ്ണം എത്രയായിരുന്നു;

(ബി) ഈ സർക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ എത്ര പേർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുകയുണ്ടായി;

(സി) ഈ കാലയളവിൽ പേര് പുതുക്കാതിരുന്നവരുടെ എണ്ണം എത്ര;

(ഡി) നിലവിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്നവർ എത്ര; വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) 42,44,452.

(ബി) 7220.

(സി) 15,20,097.

(ഡി) 36,46,724.

വിശദാംശങ്ങൾ പുറമെ ചേർക്കുന്നു :

| | | |
|---|---|---|
| പുരുഷൻമാർ | : | 14,04,232 |
| സ്ത്രീകൾ | : | 22,42,492 |
| നിരക്ഷരർ | : | 410 |
| എസ്.എസ്.എൽ.സി.-ക്ക് താഴെ | : | 3,60,944 |
| എസ്.എസ്.എൽ.സി. | : | 20,50,449 |
| പി.ഡി.സി. | : | 7,29,329 |
| ഗ്രാജ്വേറ്റ് | : | 2,88,429 |
| പോസ്റ്റ് ഗ്രാജ്വേറ്റ് | : | 61,489 |

LIBRARY ARCHIVES Kerala Legislative Assembly